# മാർ യാക്കോബ് ശ്ലീഹായുടെ നാളിലെ ശുശ്രൂഷാക്രമം

പട്ടക്കാരൻ : പിതാവിനും പുത്രനും .......................

ജനം : ബലഹീനരും പാപികളുമായ.......................

**ആരംഭ പ്രാർത്ഥന**

പട്ടക്കാരൻ. സകല ദണ്ഡനങ്ങളും ഉപദ്രവങ്ങളും സഹിപ്പാനും, പോരാട്ടത്തിൽ അവരെ പീഢിപ്പിച്ച വരെ ജയിപ്പാനും, നാശമില്ലാത്ത കിരീടം ധരിപ്പാനും തക്കവണ്ണം തന്റെ ദാസൻമാർക്ക് ശക്തി നൽകിയവനായ കർത്താവേ, സകല ദുർവിചാരങ്ങളേയും ജഡമോഹങ്ങളേയും ഞങ്ങൾ ജയിപ്പാനും, നിന്റെ കൽപ്പനകളെ ആചരിപ്പാനും, നിന്റെ ഇഷ്ടം പ്രവർത്തിപ്പാനും നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാ വിശുദ്ധൻമാരോടും കൂടെ പങ്കും ഓഹരിയും കണ്ടെത്തുവാനും ഞങ്ങൾക്കു നീ കൃപ നൽകേണമേ.

ജനം. ആമ്മീൻ

**പ്രോമ്യോൻ**

പട്ടക്കാരൻ. നാമെല്ലാവരും പ്രാർത്ഥിച്ച് ...................

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ...................

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും .....................

വിശുദ്ധനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മയെ ശ്രേഷ്ഠപ്പെടുത്തുകയും, വെടിപ്പും വിശുദ്ധിയുമുള്ളവനായി അവനെ തിരഞ്ഞെടുക്കുകയും ദുഷ്ടലോകത്തിന്റെ കുടുക്കുകളിൽ ഉൾപ്പെടാതെയും അതിന്റെ കറകളിൽ അശുദ്ധപ്പെടാതെയും അവനെ കാത്തു കൊള്ളുകയും ചെയ്തവനായ തനിക്ക് തന്റെ ദാസനായ മാർ യാക്കോബ് ശ്ലീഹായുടെ ഒർമ്മയെ കൊണ്ടാടുന്ന ഈ നേരത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും സമയങ്ങളിലും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.................

ജനം. ആമ്മീൻ.

**സെദറാ**

പട്ടക്കാരൻ. സൌന്ദര്യങ്ങളിൽ അതിശ്രേഷ്ടനും, സകല നന്മകളുടേയും സമുദ്രവും, കത്തൃസംബന്ധമായ ഭണ്ഡാര കലവറക്കാരനും, സാത്താനെ ലജ്ജിപ്പിച്ചവനും, പ്രതിയോഗിയെ ഓടിച്ചവനും, സത്യ ഉപദേഷ്ടാവും, ജയം പ്രാപിച്ച യോദ്ധാവും നിന്റെ ശിഷ്യനായ മാർ യാക്കോബ് ശ്ലീഹായെ ഉന്നതപ്പെടുത്തിയവനുമായ മ്ശിഹാ തമ്പുരാനെ, നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് ഞങ്ങൾക്ക് നിരപ്പും സമാധാനവും ശുഭവുമുള്ള ആണ്ടുകളും നല്കുമാറാകേണമേ. ബലഹീനന്മാരെ ശക്തിപ്പെടുത്തേണമേ. ക്ഷീണിച്ചിരിക്കുന്നവരെ ബലപ്പെടുത്തേണമേ. ദു:ഖിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കേണമേ. പിശാചിനാൽ പരീക്ഷിക്കപ്പെടുന്നവരെ രക്ഷിച്ചു കൊള്ളേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹാശാ..........

ജനം. ആമ്മീൻ

## എത്രാ

പട്ടക്കാരൻ. തന്റെ ആരാധനക്കാരുടെ ശുശ്രൂഷയ കൈകൊള്ളുകയും തന്റെ വിശുദ്ധന്മാരുടെ ഓർമ്മയിൽ സന്തോഷിക്കുകയും ചെയ്യുന്നവനായ കർത്താവേ, ബലഹീനമുള്ള ഞങ്ങളുടെ ശുശ്രൂഷയെ നീ കൈകൊള്ളുകയും ഞങ്ങളുടെ യാചനകൾക്ക് നീ ഉത്തരമരുളുകയും ചെയ്യേണമേ. ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും നിന്റെ മഹത്വ സിംഹാസനത്തിൻ മുൻപാകെ അംഗീകരിക്കപ്പെടുകയും ഞങ്ങൾ എല്ലാവരും സഹായം പ്രാപിക്കുകയും, നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുകയും ചെയ്യുമാറാകേണമേ.

ജനം. ആമ്മീൻ

**വായന:** മീഖാ.
അപ്പോ.
വി. മത്തായി

## മൂന്നാംഭാഗം

## ലുത്തീനിയാ

ദീർഘദർശിമാരുടേയും ശ്ലീഹന്മാരുടേയും …………..

അതിന്റെ ശേഷം മാലാഖമാരുടെ സ്തുതി. പാപികളും ബലഹീനരുമാം……………

അതിന്റെ ശേഷം 'മോറാൻ യേശുമ്ശിഹാ' എന്നുള്ള അപേക്ഷയും ഒരു കൗമ്മായും

## വിശ്വാസപ്രമാണം

## ഹുത്താമ്മ

പട്ടക്കാരൻ . മാലാഖമാരുടേയും പ്രധാന മാലാഖമാരുടേയും ……………………..

ജനം. ആമ്മീൻ